# വയനാടൻ മണ്ണിൽനിന്നൊരു വനിതാ വ്യവസായം

പി.ആർ.കൃഷ്ണൻകുട്ടി
തൃക്കൈപ്പറ്റ




**ഊ**ഷരമായ വയനാടൻ ഭൂമികയിൽ വേരുകളാഴ്ത്താൻ തയ്യാറെടുത്തുനില്ക്കുന്ന ഒരു വ്യവസായ കൂട്ടായ്മയാണ് വയനാട് ജില്ലാ വനിതാ ക്ഷേമപദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട "സുഗന്ധി വനിതാ വ്യവസായ സംഘം".

ആരംഭം: 1997–98 വയനാട് ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി 'ഉറവി'ന്റെ പരിശീല കേന്ദ്രത്തിൽവച്ച് നടപ്പിലാക്കിയ ചോക്ക് നിർമാണ പരിശീലന പദ്ധതിയാണ് ഈ കൂട്ടായ്മയ്ക്ക് ഹേതുവായിത്തീർന്നത്.

കാർഷികവൃത്തിയെ ആശ്രയിച്ചു കഴിയുന്ന സ്ത്രീകളുടെ തൊഴിലിടവേളകൾ ഗുണകരമാക്കി മാറ്റിയെടുക്കുന്നതിന് കുടിൽവ്യവസായ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിലൂടെയേ സാധ്യമാകൂ എന്ന തിരിച്ചറിവിൽനിന്നും രൂപമെടുത്ത സംരംഭമാണ് ചോക്ക് നിർമാണ പരിശീലന പദ്ധതി.

**പരിശീലനം:** 1998 നവംബർ 19–ന് തൃക്കൈപ്പറ്റയിലുള്ള ഉറവിന്റെ പരിശീലന കേന്ദ്രത്തിൽവച്ച് 'ചോക്കു നിർമാണ പരിശീലന പദ്ധതി' വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.പി. കരീം ഉദ്ഘാടനം ചെയ്തു. ജില്ലയിലെ ആറ് മഹിളാസമാജങ്ങളിൽനിന്നായി ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുത്ത 24 സ്ത്രീകൾക്കാണ് ഈ പദ്ധതിപ്രകാരം പരിശീലനം നല്കിയത്.

**ഉത്പാദനം:** ചോക്കുനിർമാണത്തിനാവശ്യമായ വിഭവങ്ങൾ അതിന്റെ ഉത്പാദന സ്ഥലങ്ങളിൽനിന്നുതന്നെ നേരിട്ട് സംഭരിച്ച് ഓരോ മഹിളാസമാജത്തിനും എത്തിച്ചുകൊടുക്കുക, ഉത്പാദന പ്രവർത്തനങ്ങൾക്കാവശ്യമായ നിർദേശങ്ങൾ നല്കുക എന്നിവയാണ് ഈ സമാജങ്ങളുടെ കോ–ഓർഡിനേഷനായ 'സുഗ ന്ധി'യുടെ കർത്തവ്യം. പരിശീലനം നേടിയ സ്ത്രീകൾ അവരുടെ ഒഴിവുവേളകളിൽ ചോക്കുണ്ടാക്കുകയും അവ പെട്ടികളിലാക്കി ലേബലൊട്ടിച്ച് വിപണിയിലെത്തിക്കുകയുമാണ് ചെയ്യുന്നത്.

ഓരോ മഹിളാസമാജത്തിലും പരിശീലനം ലഭിച്ചിട്ടുള്ള നാല് അംഗങ്ങളുണ്ടെങ്കിലും തൊഴിൽ ഉറപ്പുവരുത്തുന്നതിനായി അതിലെ രണ്ടുപേർ വീതമാണ് ഇപ്പോൾ ഉത്പാദനത്തിലേർപ്പെട്ടിരിക്കുന്നത്. ചോക്കിന്റെ ആവശ്യം ഉയരുന്നതിനനുസരിച്ച് അംഗങ്ങളെ കൂടുതൽ പങ്കെടുപ്പിക്കാമെന്ന കണക്കുകൂട്ടലുകളിലാണ് ഓരോ സമാജവും.

**വിപണനം:** ഓരോ മഹിളാസമാജവും വേർതിരിഞ്ഞാണ് ചോക്കുകൾ ഉണ്ടാക്കുന്നതെങ്കിലും അവയുടെ പേരിലും വിപണനത്തിലും ശ്രദ്ധാപൂർവമായ ക്രമീകരണങ്ങളാണ് അനുവർത്തിച്ചിട്ടുള്ളത്. ആറ്.സമാജങ്ങൾ ഉണ്ടാക്കുന്ന ചോക്കിനും ഒരേ പേര് മാത്രമായിരിക്കും ഉണ്ടാവുക. 'സൂര്യ വൈറ്റ് ചോക്ക് ക്രയോൺസ്' എന്നായിരിക്കും ആ പേര്. ഈ ചോക്കുകൾ ഉത്പാദിപ്പിക്കപ്പെടുന്ന ഓരോ യൂണിറ്റിന്റെയും പേരുകൾ അവരവരുത്പാദിപ്പിക്കുന്ന ചോക്കുകളുടെ പായ്ക്കറ്റിനു മുകളിൽ മുദ്രണം ചെയ്തിരിക്കും.

വിപണനകാര്യത്തിലും പ്രത്യേകം സജ്ജീകരണമാണ് ചെയ്തിട്ടുള്ളത്. വയനാടിനെ മൊത്തത്തിൽ ആറു മേഖലകളാക്കിത്തിരിച്ച് ഓരോ മേഖലയും ഓരോ മഹിളാ സമാജത്തിന്റെ കീഴിലാക്കിയിരിക്കുന്നു. ഈ മേഖലകളിലെ സ്കൂളുകൾ, കോളജുകൾ, പാരലൽ കോളജുകൾ, ട്യൂഷൻ സെന്ററുകൾ, കടകൾ എന്നിവിടങ്ങളിൽ ഈ നിർമാതാക്കൾതന്നെ നേരിട്ട് ചോക്ക് വിതരണത്തിനെത്തിക്കുന്നതിനാണ് പദ്ധതി.

**ഗുണനിലവാരം:** നിലവിലുള്ള ലഭ്യമായ ചോക്കുകൾ എല്ലാംതന്നെ അയൽ സംസ്ഥാനങ്ങളിൽ നിർമിക്കപ്പെട്ടവയാണ്. വൈറ്റ് ഹോഴ്സ് മുതൽ ബുൾ ഡോഗ് വരെ അനവധി ബ്രാൻഡുകൾ ഇന്ന് മാർക്കറ്റിൽ ലഭ്യമാണ്. 15 രൂപ മുതൽ 25 രൂപ വരെ വിലവരുന്ന ഈ ചോക്കുകൾ ഗുണത്തിന്റെ കാര്യത്തിൽ വളരെ പുറകിലാണ്. താരതമ്യേന ഗുണനിലവാരം കൂടുതലുള്ള ബുൾഡോഗ് പോലുള്ള ചോക്കുകൾക്ക് 25 രൂപയാണ് മാർക്കറ്റ് വില.

ഈ സാഹചര്യം മുൻനിർത്തി സുഗന്ധിയുടെ 'സൂര്യ ചോക്ക്' ഗുണനിലവാരത്തിൽ മുന്നിലെത്തിക്കാനാവുന്ന വിധത്തിലാണ് ഇതിനു പിന്നിൽ പ്രയത്നിക്കുന്ന വനിതകൾ ശ്രമിക്കുന്നത്. ഏകദേശം 25 ലക്ഷം ചോക്കുകളാണ് പ്രതിവർഷം ജില്ലയിൽ ഉപയോഗിക്കപ്പെടുന്നത്. ഈ ലക്ഷ്യം സൂര്യ ചോക്കിന് മറികടക്കാനാവുമെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഗുണത്തിന്റെ അടിസ്ഥാനത്തിൽ സൂര്യ ചോക്ക് മുന്നിലെത്തിക്കുന്നതിന് ഈ മഹിളാ സമാജങ്ങൾ നിതാന്ത പരിശ്രമത്തിലാണ്. എന്നാൽ വിലയിൽ താരതമ്യേന കുറവുമാണ് ഈടാക്കുന്നത്.

ഏറ്റവും നല്ലതെന്ന് വിശേഷിപ്പിക്കപ്പെടുന്ന ചോക്കിന് 25 രൂപ വില ഈടാക്കുമ്പോൾ അതിന് ഒപ്പം നിൽക്കാവുന്ന അല്ലെങ്കിൽ മീതെ നില്ക്കാവുന്ന സൂര്യ ചോക്കിന് 18 രൂപയാണ് വില ഈടാക്കുന്നത്. ചോക്കിന്റെ പാക്കറ്റ് കേടുകൂടാതെ തിരിച്ചുനല്കുന്നവർക്ക് 17 രൂപയ്ക്കും നല്കാനാവുമെന്ന് ഈ വനിതാ പ്രവർത്തകർ പ്രതീക്ഷ പുലർത്തുന്നു.

ജില്ലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂര്യ ചോക്കുകൾ ജില്ലയിൽതന്നെ വിറ്റഴിക്കപ്പെടുന്നതിന് സാധ്യമാക്കുന്നതിലൂടെ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഇതേ മാതൃകയിൽ മറ്റ് ഉത്പാദനപദ്ധതികളും ജില്ലാ വനിതാ ക്ഷേമ സമിതിക്ക് സാധ്യമാക്കാനാകും.

ചോക്ക് നിർമാണവും വിപണനവും ഗുണകരമായി വിജയിക്കുകയാണെങ്കിൽ ഇന്ന തെരഞ്ഞെടുക്കപ്പെട്ട ഈ ആറ് മഹിളാസമാജങ്ങളുടെ കോ–ഓർഡിനേഷനായ 'സുഗന്ധി'ക്ക് മറ്റ് മേഖലകളിലും ഉത്പാദന പ്രവർത്തനങ്ങൾ തുടങ്ങാമെന്ന പ്രത്യാശയുണ്ട്. സൂര്യ ചോക്കിനെ ഒരു തുടക്കമാക്കിക്കൊണ്ട് വയനാട്ടിലെ വ്യവസായമേഖലയിൽ ഒരു വൻ ശക്തിയായി മാറണമെന്നാണ് 'സുഗന്ധി' ലക്ഷ്യമിടുന്നത്.